**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2692** **02-08-2021 - ൽ മറുപടിയ്ക്ക്**

**റീസർവ്വെ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ റീസർവ്വെ നടപടികളുടെ പുരോഗതി വിശദമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിൽ കോഴിക്കോട്, താമരശ്ശേരി, കൊയിലാണ്ടി, വടകര എന്നീ നാല് താലൂക്കുകളിലായി ആകെ 118 വില്ലേജുകൾ ഉണ്ട്. ഇതിൽ കോഴിക്കോട് താലൂക്കിലെ ആകെയുള്ള 39 വില്ലേജുകളിലും, താമരശ്ശേരി താലൂക്കിലെ ആകെയുള്ള 20 വില്ലേജുകളിലും നാളിതുവരെ റീസർവ്വെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കൊയിലാണ്ടി താലൂക്കിലെ ആകെയുള്ള 31 വില്ലേജുകളിൽ 3 വില്ലേജുകൾ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 28 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. വടകര താലൂക്കിൽ ആകെയുള്ള 28 വില്ലേജുകളിൽ 14 വില്ലേജുകൾ പൂർണ്ണമായും, ഒരു വില്ലേജിൽ ആകെ 7 ബ്ലോക്കുകൾ ഉള്ളതിൽ 4 ബ്ലോക്കുകളും റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 3 ബ്ലോക്കുകളുടെ റീസർവ്വെ ജോലികൾ അന്തിമ ഘട്ടത്തിലുമാണ്. ടി താലൂക്കിൽ 13 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനമാണ് ഇനി ബാക്കിയുള്ളത്. |
| (ബി) | കൊയിലാണ്ടി താലൂക്കിൽ എത്ര വില്ലേജുകളിൽ റീസർവ്വെ നടപടികൾ പൂർത്തിയായെന്നും, അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ബി) | കൊയിലാണ്ടി താലൂക്കിലെ ആകെയുള്ള 31 വില്ലേജുകളിൽ മേപ്പയൂർ, പയ്യോളി, ഇരിങ്ങൽ എന്നീ 3 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. |
| (സി) | കൊയിലാണ്ടി താലൂക്കിലെ സർവ്വെ വിഭാഗത്തിൽ എത്ര ജീവനക്കാരുണ്ടെന്നും, ഓരോരുത്തർക്കും ചാർജ്ജുള്ള വില്ലേജുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; | (സി) | കൊയിലാണ്ടി താലൂക്കിലെ എൽ.ആർ.എം വിഭാഗത്തിൽ ഒരു ഹെഡ്സർവ്വെയറും, നാല് സർവ്വെയർമാരും ജോലി നിർവഹിച്ചു വരുന്നു. ഓരോരുത്തർക്കും ചാർജ്ജുള്ള വില്ലേജുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | 2019 മുതൽ 2021 വരെ അതിർത്തി തർക്കം, കോടതി കമ്മീഷൻ, മിച്ചഭൂമി, റീസർവ്വെ അദാലത്ത് എന്നിങ്ങനെ കൊയിലാണ്ടി താലൂക്ക് സർവ്വെ വിഭാഗത്തിൽ എത്ര ഫയലുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | കൊയിലാണ്ടി താലൂക്ക് സർവ്വെ വിഭാഗത്തിൽ അതിർത്തി തർക്കം സംബന്ധിച്ച്- 655 അപേക്ഷയും, കോടതി കമ്മീഷൻ സംബന്ധിച്ച്- 49 അപേക്ഷയും, മിച്ചഭൂമി സർവ്വെ സംബന്ധിച്ച്- 18 അപേക്ഷയും, റീസർവ്വെ അദാലത്ത് സംബന്ധിച്ച്- 5331 അപേക്ഷകളും നിലവിലുണ്ട്. |
| (ഇ) | കൊയിലാണ്ടി താലൂക്കിൽ ഭൂമി തരംമാറ്റുന്നതിന് വേണ്ടി ഫീസ് അടച്ച എത്ര അപേക്ഷകൾ ഉണ്ടെന്ന് അറിയിക്കാമോ ; | (ഇ) | 2019 മുതൽ 2021 വരെ ഭൂമി തരം മാറ്റുന്നതിന് വേണ്ടി 643 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും, ആയത് എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കാമോ? | (എഫ്) | താലൂക്കിൽ നിലവിൽ ലഭ്യമായ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി കൊണ്ട് ടി അപേക്ഷകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | ജീവനക്കാരുടെ പേര് & തസ്തിക | ചാർജ്ജുള്ള വില്ലേജുകളുടെ പേര് |
|---|---|---|
| 1 | ശ്രീ.റിജിലേഷ്<br>സെക്കന്റ് ഗ്രേഡ് സർവ്വെയർ | ഇരിങ്ങൽ, പയ്യോളി, കായണ്ണ, ബാലുശ്ശേരി, അത്തോളി, ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, പന്തലായനി, ഉള്ളിയേരി, വിയ്യൂർ, തിക്കോടി, കൂരാച്ചുണ്ട്, നടുവണ്ണൂർ, കോട്ടൂർ, അവിടനല്ലൂർ, നൊച്ചാട് |
| 2 | ശ്രീ.ബവീഷ്.യു.രവീന്ദ്ര<br>സെക്കന്റ് ഗ്രേഡ് സർവ്വെയർ | തുറയൂർ, കൊഴുക്കല്ലൂർ, ചെറുവണ്ണൂർ, മൂടാടി, അരിക്കുളം, ചക്കിട്ടപാറ, പേരാമ്പ്ര, എരവട്ടൂർ, കൂത്താളി, മേപ്പയ്യൂർ, ചങ്ങരോത്ത്, പാലേരി, ചെമ്പനോട, മേഞ്ഞാണ്യം, കീഴരിയൂർ, മേപ്പയ്യൂർ-ബ്ലോക്ക് നം-22,24, ഇരിങ്ങൽ-ബ്ലോക്ക് നം -2 |
| 3 | ശ്രീമതി.സിന്ധു.പി.വി<br>ഫസ്റ്റ്ഗ്രേഡ് സർവ്വേയർ | മേപ്പയ്യൂർ-ബ്ലോക്ക് നം-23, പയ്യോളി-ബ്ലോക്ക് നം -3, 5 |
| 4 | ശ്രീമതി.സന്ധ്യ.എസ്<br>സെക്കന്റ് ഗ്രേഡ് സർവ്വെയർ | മേപ്പയ്യൂർ-ബ്ലോക്ക് നം-25, പയ്യോളി-ബ്ലോക്ക് നം - 4 ഇരിങ്ങൽ-ബ്ലോക്ക് നം -1 |

സെക്ഷൻ ഓഫീസർ